Mr. P. Kumaran Ezhuthassan *(Vadakkancheri):* That was done with the sanction of the House. So, there are precedents and precedents are binding.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Government oppose it.

Mr. President: What is the precedent that the Hon'ble Member is quoting?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബാലാവപ്രകാരം എടുക്കുന്നതുകൊണ്ട് അങ്ങിനെ പ്രിഫറൻസ് കൊടുക്കുവാൻ പാടില്ല.

Mr. President: There are about 135 resolutions before that. There may be very important resolutions among them. Therefore it is a position which cannot be accepted as the resolutions are arranged by ballot.

Mr. P. A. Mohamad Ashroff *(Cranganur):* I may make a request, Sir, to reconsider it; if it is allowed to be moved now, there are certain advantages.....

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Government is not in a position to accept the suggestion.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is not a question of Government, Sir, accepting it or not; because it is a non-official business. Again there are certain precedents. The question is, whether others who have got preference over this is agreeable. The Government does not come into the picture at all. It is only the non-official members of the House one above the other and if they agree.

Mr. P. Govinda Menon *(Minister for Food and Education):* In which case every member in whose name the resolution stands must agree and not a majority of the members.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Hon'ble Members who are not here need not be looked up.

Mr. P. Govinda Menon *(Minister for Food and Education):* They will come only when their resolutions come up.

Mr. President: Before deciding this, all those members in whose names the resolutions stand have to be consulted.

Mr. Paramel Ipe Ipe *(Kunnamkulam):* I don't agree.

Mr. P. Kumaran Ezhuthassan *(Vadakkancheri):* If they are here and allowed to move their resolutions, but not otherwise.

M. P. Govinda Menon *(Minister for Food and Education):* They will be in the lounge.

Mr. President: The right which a member gets in this matter is from the ballot and the request of the Hon'ble Member cannot be granted without infringing the rules.

RESOLUTION No. 2

Need for a Committee to enquire and report on the various aspects of the Nalikerapattam prescribed in the Verumpattamdars Act

മിസ്റ്റർ എം. ഐ. പോൾ: മിസ്റ്റർ പ്രസിഡണ്ട് സർ, എന്റെ പേരിൽ നില്ക്കുന്ന ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. "This Council recommends to Government that a Committee should be constituted to enquire and report about the various aspects of the (നാളികേരപ്പാട്ടം) Nalikera Pattam provided in the Verumpattamdars Act and the hardships caused thereby." ജന്മികളും ഭൂമികളും കുടിയാന്മാരെ പാട്ടത്തിനു എല്പിക്കുന്ന അവസരത്തിൽ പാട്ടം ക്ലിപ്തപ്പെടുത്തുകയും എന്നാൽ ഉപയോഗശൂന്യമായിട്ടുള്ള സ്ഥലങ്ങളാണെങ്കിൽ പാട്ടത്തിനു എല്പിക്കുന്നതോടുകൂടി അതിന്റെ പാട്ടം നിശ്ചയിക്കുകയും അതനുസരിച്ചുള്ള പാട്ടം കുടിയാൻ കൊടുത്തുവരുകയുമാണ് സാധാരണ ചെയ്യുന്നതു. ഫ ഫ വ്യ-ൽ നാളികേര കൃഷിയെ സംബന്ധിച്ചിടത്തോളം പാട്ടം ക്ലിപ്തപ്പെടുത്തിയതു അതാതു കാലത്തെ വെളിച്ചെണ്ണ വിലയുടെ നിരക്കനുസരിച്ചു പാട്ടം നാളികേരമായി കൊടുത്താൽ മതിയെന്നാണ്. എന്നാൽ അതിനുശേഷം നാളികേരത്തിന്റെ വില കൂടുകയും ഇന്നും ആ നാളികേരപ്പാട്ടം ക്ലിപ്തപ്പെടുത്തിയതനുസരിച്ചു പാട്ടം കൊടുത്തു വരുന്നതിൽ കടപ്പെട്ടവരാണ് കുടിയാന്മാർ. വെളിച്ചെണ്ണയുടെ വിലയനുസരിച്ചു നാളികേരത്തിന്റെ വില ക്ലിപ്തപ്പെടുത്തുകയും അതാതു കാലങ്ങളിൽ അതു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ജന്മികളും കുടിയാന്മാരും തമ്മിൽ യോജിച്ചു പാട്ടസംഖ്യ ക്ലിപ്തപ്പെടുത്തുക എന്ന ഒരു സമ്പ്രദായം ഇന്നുവരെ നാട്ടിൽ നടക്കുന്നതായി കാണുന്നില്ല. പാട്ടം തീർക്കുമ്പോൾ അതാതു കാലങ്ങളിലെ വെളിച്ചെണ്ണയുടെ വിലയനുസരിച്ചു പാട്ടസംഖ്യ വാങ്ങുകയെന്ന സമ്പ്രദായവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

പല ജന്മികളും പാട്ടം ഒന്നിന്റെ മൂന്നേരയായും ഒന്നിന് ഇരട്ടിയായും വസൂലാക്കുന്നുണ്ട്. പാട്ടം തീർത്തു ഒരു രസീതു കൊടുത്തതായി എന്റെ അറിവിൽ ഇന്നേവരെ പെട്ടിട്ടില്ല. യാതൊരു രസീതും അങ്ങിനെ കൊടുത്തുപോരുന്നുമില്ല. ഇങ്ങിനെയുള്ള സംഗതികളിൽ പല വിഷമങ്ങളും കൂടിയാണ്മാക്കു അനുഭവിക്കേണ്ടിവരുന്നുണ്ടെന്നു ഗവമ്മെണ്ടിനും ജനങ്ങൾക്കും അറിയാവുന്നതാണ്. കൂടാതെ പാട്ടം കൊടുക്കുമ്പോൾ നികുതിയുംകൂടി കൂടിയാൻ കൊടുക്കണമെന്ന ഒരു നിബന്ധനയുംകൂടി ജന്മികൾ ഈ സാധുക്കളുടെ മേൽ കെട്ടിവെക്കുന്നുണ്ട്. നികുതി കൊടുക്കാത്തപക്ഷം കൂടിയാന്മാരിൽനിന്നും വസ്തു ലേലംചെയ്തു പോകയും ചെയ്യും. അങ്ങിനെ വരുകയാണെങ്കിൽ കൂടിയാനു അതു സ്ഥലം നഷ്ടപ്പെടുകയും ചെയ്യും. ഈ സമ്പ്രദായം ഇപ്പോൾ സാധാരണ കണ്ടുവരാറുള്ള ഒരു സംഗതിയാണ്. എന്റെ പ്രമേയംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു ഇങ്ങിനേയുള്ള വിഷമങ്ങളെ പരിഹരിക്കുന്നതിനു ഒരു കമ്മിറ്റി രൂപീകരിച്ചു വേണ്ട അന്വേഷണം നടത്തി ഒരു റിപ്പോർട്ട് വരുത്തണമെന്നാണ്. ഇന്നു കൂടിയാന്മാരുടെ രസീതു പരിശോധിക്കുന്നപക്ഷം പാട്ടം മുഴുവൻ തീർത്തു എന്ന ഒരു രസീതും കാണുവാൻ തരപ്പെടുകയില്ല. അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ചു അന്വേഷിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കേണ്ടതാണെന്നു ഗവമ്മെണ്ടിനോടും നിയമസഭയോടും അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. V. R. Krishnan Ezhuthassan *(Oorakam)*: I second it.

*മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, ഗവമ്മെണ്ടിന്റെ നില ഇതിനു് എതിരല്ല. എന്നാൽ ഒരു കമ്മിറ്റി വേണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നതു്.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I rise on a point of order as the same I raised in the forenoon. That gentleman cannot speak in this House in as much as he is neither a member nor a Minister appointed.

Mr. President: The arguments have been heard from both sides and Mr. C. R. Iyyunni continues to be a Minister.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, ഫ്രഫ്രവ-ൽ ആണ് ഒരു ബിൽ കൊണ്ടുവന്നു് ഇവിടെ പാസ്സാക്കിയതു്. ആ ബില്ലനുസരിച്ചു് അതായതു കാലത്തെ നാളികേരവില അനുസരിച്ചു് പാട്ടം കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. അതിനുശേഷം, ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ, അതിനെപ്പറ്റി ഏതാനും ആക്ഷേപങ്ങൾ ഉണ്ടായി. അതിനു ഒരു തീരുമാനമുണ്ടാക്കുവാനായിട്ട് റാവുസാഹിബു് അയ്യപ്പൻ അവർകൾ ഒരു ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചു. ആ ഭേദഗതി പ്രകാരം പാട്ടക്കരാറിന്റെ തിയ്യതിമുതൽ ഓ കൊല്ലത്തെ ശരാശരി നാളികേരവില എന്തോ അതനുസരിച്ചുള്ള നാളികേരപ്പാട്ടം കൊടുക്കണമെന്നാണ് തീരുമാനിച്ചതു്. അതു കഴിഞ്ഞിട്ടു്, ഇപ്പോൾതന്നെ, ഒരു ബിൽ ഈ സംഗതിയിൽ സഭ മുമ്പാകെയുണ്ടു്. ആ ബിൽ സെലക്ടു് കമ്മിറ്റിക്കു പോയിട്ടുമുണ്ടു്. ആ നിലക്കു്, ഇതിനു ഒരു കമ്മിറ്റിവേണോ എന്നാണ് ഗവമ്മെണ്ടിനറിയുവാനുള്ളതു്? ഈ വകുപ്പിനെ സംബന്ധിച്ചു് ഭേദഗതി ബിൽ സെലക്ടു് കമ്മിറ്റിക്കു പോയിട്ടുണ്ടു്. അതുകൊണ്ടു് ഒരു കമ്മിറ്റി ഇതിനു വേണമെന്നു തോന്നുന്നില്ല. സെലക്ടു് കമ്മിറ്റിയിൽ പല മെമ്പർമാരും ഉണ്ടു്. പല താല്പര്യങ്ങളും ഉൾപ്പെട്ടിട്ടുള്ള ഒരു കമ്മിറ്റിയാണതു്. ആ കമ്മറ്റി ഈ കാര്യവുംകൂടി ആലോചിച്ചു് ഒരു തീരുമാനം ചെയ്താൽ മതിയെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഇതിനു ഒരു കമ്മറ്റി വേണമെന്നു എനിക്കഭിപ്രായമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറോടു് ഈ പ്രമേയം പിൻവലിക്കുവാൻ ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

* മിസ്റ്റർ എം. ഐ. പോൾ: സർ, ബഹുമാനപ്പെട്ട റവന്യു മെമ്പർ ഇതിനെ സംബന്ധിച്ചു ഒരു ബിൽ സെലക്ടുകമ്മിറ്റിയിൽ ഇരിക്കുന്നുണ്ടെന്നും ആ സിലക്ടു കമ്മിറ്റിയിൽ ഈ കാര്യം ആലോചനാവിഷയമായി വരുമെന്നും പ്രത്യേകിച്ചു് ഈ കാര്യത്തിൽ ആവശ്യമായ തീരുമാനം ഉണ്ടാക്കാമെന്നും സഭയിൽ ഉറപ്പു നൽകുന്ന സ്ഥിതിക്കു ഞാൻ സഭയുടെ അനുവാദത്തോടുകൂടി ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

---

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: Here the point raised by the Hon'ble Member a little while before, comes under S. O. 6, on page 15 of the manual the S. O. is as follows.—

"The relative precedents of notices of Bills and resolutions given by non-official members for each meeting shall be determined by ballot as prescribed in the Schedule".

The rule is therefore, binding.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇവിടെ വന്നിട്ടുള്ള ഓരോ പ്രമേയവും ഓരോ വിധത്തിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. എന്റെ പ്രമേയവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഈ പ്രമേയത്തിന്റെ സ്ഥാനത്തു ഫസ്റ്റ്-ാംസ്റ്റ് പ്രമേയം അവതരിപ്പിക്കുന്നതിനും എനിക്കു ഇഷ്ടമാണ്. ആ സ്ഥിതിക്കു എന്റെ ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നില്ല. ആ സ്ഥാനത്തു ഫസ്റ്റ്-ാംസ്റ്റ് റസലൂഷൻ അവതരിപ്പിക്കുവാൻ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

Mr. President: That has been settled.

Mr. P. Govinda Menon (*Minister for Food and Education*): He can only withdraw. Then the next resolution comes.

Mr. K. S. Panicker (*Trichur-Ezhuvas*): I don't move it, Sir.

Mr. P. A. Mohamed Ashroff (*Cranganur*): Instead of this resolution can I discuss the other resolution, Sir.

Mr. President: Precedence is determined by ballot.

RESOLUTION No. 3

Necessity for metalling the road going north from Eriyad market to Kara-Kathyalam

***Mr. P. A. Mohamed Ashroff** (*Cranganur*): *"This Council recommends to Government that the road going north from the Eriyad Market to Kara-Kathyalam (at least up to the Kara Kathyalam junction) should be metalled and made fit for vehicular traffic at once".*

Mr. President: Without interruption I wish to say that if the Hon'ble Member considered that the resolution was so important, he could have showed this preference in the notice sent to the Secretary. The Hon'ble Member will continue.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എറിയാട് മാക്കറ മുതൽ വടക്കോട്ട് കാര കാതിയാളംവരെയുള്ള റോഡ് വളരെ അത്യാവശ്യമുള്ള ഒന്നാണ്. ഞാൻ ഇതിനെപ്പറ്റി അധികമൊന്നും പറയുന്നില്ല. ഈ റോഡ് കല്ലിട്ട തല്ലാതെയാണ് കിടക്കുന്നതു്. ഈ റോഡ് വാഹനങ്ങൾക്കു ഗതാഗതം ചെയ്യുന്നതിനു സൌകര്യമായ വിധത്തിൽ കല്ലിട്ടതല്ലി നന്നാക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടതു്. ബഹുമാനപ്പെട്ട ഗവൺമെണ്ടു് ഈ പ്രമേയം നിസ്സംശയം അംഗീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I second it.

റാവു സാഹിബു് കെ. അയ്യപ്പൻ: ഷെഡ്യൂൾ റെയിറ്റപ്രകാരം അയ്യായിരം ഉറുപ്പിക യോളം ഇതിനു ചിലവുവരും. ഇതു് എ റ്റു സെഡ്-ലെ ബഡ്ഡറിൽ കൊള്ളിക്കാമെന്നാണ് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കൊടുങ്ങല്ലൂർ ബഡ്ഡറിൽ കൊള്ളിക്കുന്നതിനു വലിയ വിഷമമുണ്ടാകും. ഇതു് സ്റ്റേറ്റ ബഡ്ഡറിലാണ് കൊള്ളിക്കേണ്ടതു്. എ റ്റു സെഡ്-ലെ ബഡ്ഡറിൽ ഇതിനുള്ള പണം കൊള്ളിക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ടു് എനിക്കിതു പിൻവലിക്കുവാൻ യാതൊരു വിരോധവുമില്ല.

Mr. P. Govinda Menon (*Minister for Food and Education*): The member withdraws.

Mr. P. Kumaran Ezhuthassan (*Vadakkancheri*): No, no, if he is assured like that.

റാവു സാഹിബു് കെ. അയ്യപ്പൻ: എ റ്റു സെഡ്-ലെ ബഡ്ഡറിൽ കൊള്ളിക്കുവാൻ നോക്കാം. കൊടുങ്ങല്ലൂരിലെ സംഗതിയും ഇതിൽവരും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഒന്നു മനസ്സിരുത്തിയാൽ മതി.

റാവു സാഹിബു് കെ. അയ്യപ്പൻ: മനസ്സിരുത്താം.

---

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly